**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1632 | 03.05.2017-ൽ മറുപടിയ്ക്ക്

**ഇടുക്കി മെഡിക്കൽ കോളേജ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്;<br>**പാർട്ട്-1:**<br>(1) ഒന്നാം ഫ്ലോറിലെ പ്ലാസ്റ്ററിംഗ് 100% വും ബ്ലോക്ക് വർക്ക് 10% വും പൂർത്തീകരിച്ചത് ലിന്റിൽ വർക്ക് 50%-വും കഴിഞ്ഞിരിക്കുന്നു.<br>(2) രണ്ടാം ഫ്ലോറിൽ ഉള്ള 25 കോളങ്ങളിൽ 20 എണ്ണത്തിന്റെ കോൺക്രീറ്റ് വർക്ക് പൂർത്തീകരിച്ചതിനു ശേഷം ബാക്കി അഞ്ചെണ്ണത്തിൽ സ്റ്റീൽ വർക്കും ഷട്ടറിംഗും കഴിഞ്ഞു.<br>**പാർട്ട്-2:**<br>(1) അടുത്ത നിലയ്ക്കുള്ള കോളം വർക്കിന്റെ പണിയിൽ സ്റ്റാർട്ടറും സ്റ്റീൽ വർക്കും പൂർത്തീകരിച്ച് കോൺക്രീറ്റ് വർക്ക് തുടങ്ങിയത് 100% പൂർത്തീകരിച്ചു.<br>(2) മൂന്നാമത്തെ ഫ്ലോറിന്റെ തട്ടിന്റെ സ്റ്റീൽ വർക്കും ഫാബ്രിക്കേഷനും പൂർത്തീകരിച്ചു.<br>(3) ഗ്രൗണ്ട് ഫ്ലോറിന്റെ സൺഷെയിഡ് ഷട്ടറിംഗും സ്റ്റീൽ വർക്കും പൂർത്തീകരിച്ചതിനുശേഷം 70% കോൺക്രീറ്റ വർക്ക് പൂർത്തീകരിച്ചു.<br>(4) ഗ്രൗണ്ട് ഫ്ലോറിന്റെ തട്ട് തേപ്പ് 100% പൂർത്തീകരിച്ചു.<br>(5) ഗ്രൗണ്ട് ഫ്ലോറിന്റെ പി. സി. സി. ഫ്ലോറിംഗ് വർക്ക് 30% പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അനാവശ്യ കാലതാമസം നേരിടുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്;<br>കാലതാമസം ഒഴിവാക്കുന്നതിനായി KITCO-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | ഇടുക്കി മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങിയപ്പോൾ അവിടെ മതിയായ കിടക്കകളുള്ള ആശുപത്രിയോ അക്കദമിക് ബ്ലോക്കോ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അക്കാദമിക് ബ്ലോക്ക് നവംബർ 2017 ലും ഹോസ്പിറ്റൽ ബ്ലോക്ക് മാർച്ച് 2018 ലും പൂർത്തീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ